ഇലക്ട്രിസിറ്റി ബോർഡിന്റെ ആഫീസുകൾ

179. [172] ശ്രീ. പി. ഐ. പൗലോസ് : താഴെകാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ :

എറണാകുളം ജില്ലയിൽ പെരുമ്പാവൂരിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷനും കുറുപ്പുംപടിയിൽ ഒരുസബ്ഡിവിഷനും വേങ്ങൂരിൽ ഒരുസെക്ഷനും തുടങ്ങുന്നതിന് ഇലക്ട്രിസിറ്റിബോർഡ് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

അപ്രൻറീസുകളുടെ നിയമനം

180. [173] ശ്രീമതി പെണ്ണമ്മ ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിന പരിപാടി അനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ പരിശീലനത്തിനെടുത്ത ഫിറ്റർ അപ്രൻറീസുകളെ ഒഴിവുവരുന്ന മുറയ്ക്ക് ഇലക്ട്രിസിറ്റി ബോർഡിൽതന്നെ നിയമിക്കാൻ നടപടിയെടുക്കുമോ;

(ബി) പി. എസ്. സി. വഴി ഇനിയും നടത്തുന്ന ഫിറ്റർമാരുടെ നിയമനത്തിൽ ഈ പരിശീലനം ലഭിച്ചവർക്ക് മുൻഗണന നൽകുമോ?

ഉത്തരം

(എ) അപ്രൻറീസ് പരിശീലനത്തിനെടുക്കുന്നതു തന്നെ പ്രസ്തുത പരിശീലനം ബോർഡിൽ നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും അവകാശം നൽകുകയില്ല എന്ന വ്യവസ്ഥയോടുകൂടിയാണ്. പ്രസ്തുത തസ്തികയിലേയ്ക്ക് നേരിട്ടു നിയമനം ഇല്ലാത്തതുകൊണ്ട് ഇക്കാര്യത്തിൽ ഒരു നടപടിയും എടുക്കാൻ നിർവ്വാഹമില്ല.

(ബി) ഇലക്ട്രിസിറ്റി ബോർഡിൽ ഫിറ്റർ തസ്തികയിലേയ്ക്ക് നേരിട്ടു നിയമനം നടത്താൻ വ്യവസ്ഥയില്ല.

ഇലക്ട്രിസിറ്റി ബോർഡിന്റെ കടമെടുപ്പുകൾ

181. [174] ശ്രീ. ജോൺ മാഞ്ഞൂരാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇലക്ട്രിസിറ്റി ബോർഡ് ഇപ്പോൾ ആകെ എത്ര കടമെടുപ്പുകൾ നടത്തിയിട്ടുണ്ട്;

(ബി) ഓരോ കടമെടുപ്പിനേയും തുകകളെത്ര ; അതിനോരോന്നിനും കൊടുക്കേണ്ട പലിശ എത്ര ;

(സി) ഇപ്പോൾ ആരംഭിച്ചിരിക്കുന്ന തീവ്രയത്ന പരിപാടിയനുസരിച്ച് എത്ര നാൾക്കകം ഈ കടം അടച്ചുതീർക്കാമെന്നാണ് ബോർഡ് ഉദ്ദേശിക്കുന്നത് ;

(ഡി) 500 രൂപയെങ്കിലും അടയ്ക്കുന്നവർക്ക് മുൻഗണന നൽകുന്നതു മൂലം സാധാരണക്കാരന് ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൽപരിഹാരാർത്ഥം ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഈ സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന മൂന്നു കടമെടുപ്പുകളും ഇതുവരെ നടത്തിയിട്ടുണ്ട്.

(ബി) 1. എൽ. ഐ. സി. വായ്പ 4,40,00,000 രൂപ പലിശ നിരക്ക് 11 ശതമാനം.

2. പൊതുക്കടം 10,45,00,000 രൂപ പലിശ നിരക്ക് ആറേകാൽ ശതമാനം

3. ഗ്രാമീണ കടപ്പത്ര പദ്ധതി—2,20,00,000 രൂപ പലിശ നിരക്ക് പത്തേകാൽ ശതമാനം.

(സി) എൽ. ഐ. സി. യിൽ നിന്നുള്ള വായ്പ 15 വാർഷിക തവണകളായും കടപ്പത്രപദ്ധതിപ്രകാരമുള്ള വായ്പകളും ഗ്രാമീണ കടപ്പത്ര പദ്ധതിപ്രകാരമുള്ള സംഖ്യയും 10 വർഷങ്ങൾക്കുശേഷം ഒരുമിച്ച് അടച്ചു തീർക്കണമെന്നാണുദ്ദേശിക്കുന്നത്.

(ഡി) ഗ്രാമീണ കടപ്പത്ര പദ്ധതിയിൽ ചേരുന്നവർക്ക് പ്രത്യേക മുൻഗണന നൽകുന്നുണ്ടെന്നത് വാസ്തവമാണ്. പക്ഷേ ഇത് സാധാരണക്കാരായ അപേക്ഷകരെ ബാധിക്കുന്ന പ്രശ്നമില്ല. അവർക്ക് അവരുടെ മുൻഗണനാക്രമമനുസരിച്ച് വൈദ്യുത കണക്ഷൻ നൽകുന്നതാണ്.

(ഇ) ഉദിക്കുന്നില്ല.

വിദ്യുച്ഛക്തി ഉൽപ്പാദനത്തിന് തെർമൽ പ്ലാൻറുകൾ

182. [175] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ഉൽപ്പാദനത്തിന് തെർമൽപ്ലാൻറുകൾ സ്ഥാപിക്കാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് പ്ലാൻറ് സ്ഥാപിക്കുക;

(സി) ഇപ്പോൾ നാം ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിയുടെ അളവ് എത്ര ?

ഉത്തരം

(എ) ആലോചനയിലുണ്ട്.

(ബി) എവിടെയാണ് സ്ഥാപിക്കുക എന്ന കാര്യം നിശ്ചയിച്ചിട്ടില്ല.

(സി) കേരളത്തിൽ ഇപ്പോൾ പ്രതിദിനം 10 മുതൽ 11 ദശലക്ഷംവരെ യൂണിറ്റു വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നൽകിയ ബോണസ്

183. [176] ശ്രീ സി. ബി. സി. വാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ബോണസ് നൽകുന്നത് സംബന്ധിച്ച് ഗവൺമെൻറ് ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന നയം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly